⇨ *കുന്നുകളും മലകളും വനങ്ങളും നദികളും നിർദാക്ഷിണ്യം നശിപ്പിക്കുന്നു* ⇨

# കാറ്റ് അഴിച്ചുകളയേണ്ടുന്ന ആയുധവണ്ടികൾ

പ്രമേയത്തിൽ മാത്രമല്ല, മൂലധന സമാഹരണത്തിലും ജനങ്ങൾക്ക് മുന്നിൽ സിനിമ പ്രദർശിപ്പിക്കുന്നതിലും കൃത്യമായ രാഷ്ട്രീയ നിലപാടുകൾ സ്വീകരിച്ച 'ക്രൈം നമ്പർ 89' എന്തുകൊണ്ട് ഇന്ത്യൻ പനോരമയിലേക്ക് സെലക്ട് ചെയ്യപ്പെടുന്നില്ല?

**എസ്. നാരായണൻ**

**പ്രശാന്ത** സുന്ദരമായ ഭൂമി.... സുഖസമൃദ്ധമായി എല്ലാവർക്കും ജീവിക്കാൻ പാകത്തിൽ അത് ഒരുക്കപ്പെട്ടിരിക്കുന്നു. ആർത്തി മൂത്ത് പരക്കം പാഞ്ഞുകൊണ്ട് അതിനെ താറുമാറാക്കാൻ ഇറങ്ങിയിരിക്കുന്നത് ആരാണ്? ഭൂമിയേയും ജീവിതത്തേയും പിച്ചിചീന്തുന്ന ഉത്തരവുകൾ ഏത് ഉന്നതങ്ങളിൽ നിന്നാണ് വരുന്നത്? ലക്ഷക്കണക്കിന് മനുഷ്യർ കടലിനെ ആശ്രയിച്ച് ജീവിക്കുന്ന കൂടംകുളത്ത് ഗ്രാമീണരുടെ നിലനില്പിനെത്തന്നെ വെല്ലുവിളിച്ചുകൊണ്ട് ആണവനിലയം സ്ഥാപിക്കപ്പെടുന്നു. സസ്യസമൃദ്ധമായ കാസർകോടിന്റെ കുന്നിൻമുകളിലൂടെ എൻഡോസൾഫാനുമായി ഹെലികോപ്ടറുകൾ ചുറ്റിയടിക്കുന്നു. മണ്ണും വെള്ളവും വായുവും വിഷമയമാക്കിക്കൊണ്ട് ചാലക്കുടിപ്പുഴയുടെ തീരത്ത് പ്രവർത്തിക്കുന്ന നിറ്റാജലാറ്റിൻ എന്ന കമ്പനി, വിഷത്തിൽ നിന്നും മോചനം ആവശ്യപ്പെടുന്ന തദ്ദേശിയരെ പോലീസിനെയും ഗുണ്ടകളെയും ഉപയോഗിച്ച് തല്ലിച്ചതക്കുന്നു. ഉപഗ്രഹ നിരീക്ഷണത്തിലൂടെ ഭൂഗർഭ ജല സാന്നിദ്ധ്യം കണ്ടെത്തിയ കൊക്കക്കോള എന്ന വ്യവസായ ഭീമൻ പ്ലാച്ചിമടയിൽ ജീവിക്കുന്ന ആദിവാസികളെ തീരാദുരിതത്തിലാക്കിക്കൊണ്ട് വെള്ളം ഊറ്റിയെടുക്കുന്നു. അന്നം വിളയുന്ന നെല്പാടങ്ങളും തണ്ണീർത്തടങ്ങളും മണ്ണിട്ടു നികത്തിക്കൊണ്ട് ആറന്മുളയെ വിമാനത്താവളത്തിനായി ഒരുക്കിയെടുക്കുന്നു. തലങ്ങും വിലങ്ങും, ആർക്കോ ഭ്രാന്തെടുത്ത് പായാൻ വേണ്ടി, വഴിയോരത്തുള്ള ജനജീവിതങ്ങളെ പിഴുതുമാറ്റി രാജ്യത്താകമാനം എക്സ്പ്രസ്ഹൈവേകൾ വരുന്നു. വിനാശത്തിന്റെ ഇത്തരം വികസനത്തിന് ഒത്താശ പകരുന്നതിന് കുന്നുകളും മലകളും വനങ്ങളും നദികളും നിർദാക്ഷിണ്യം തുരന്നും വെട്ടിയും ഊറ്റിയും നശിപ്പിക്കുന്നു. ഇതിനെല്ലാം പുറമേയാണ് മതത്തിന്റേയും ഇസത്തിന്റെയും ദേശത്തിന്റെയും പേരുപറഞ്ഞ് ജനങ്ങളെ തമ്മിൽ തമ്മിൽ വെട്ടിവീഴ്ത്തുന്ന ആസൂത്രിതമായ കലാപശ്രമങ്ങൾ.

സമകാലികമായ ഇത്തരം വിഷയങ്ങളെ പരോക്ഷമായി അവതരിപ്പിക്കുകയും പ്രതിവിധി ആരായുകയുമാണ് സുദേവൻ തന്റെ 'ക്രൈം നമ്പർ 89' എന്ന സിനിമയിലൂടെ. ഒരു സാധാരണ പൗരൻ ഇത്തരം കെടുതികളോട് എങ്ങിനെ പ്രതികരിക്കാനാകുമെന്ന് അന്വേഷിക്കുന്നു 'ക്രൈം നമ്പർ 89'. ശാന്തവും വിജനവുമായ ഒരു ഗ്രാമപ്രദേശത്തു വച്ച് ഒരു ജീപ്പ് കേടായി വഴിയിൽ കിടക്കുന്നതോടെയാണ് സിനിമ പുരോ

ഗമിക്കുന്നത്. ഡ്രൈവർ അടക്കം രണ്ടുപേരാണ് ജീപ്പിലുള്ളത്. വണ്ടി ശരിയാക്കികിട്ടുന്നതിനു വേണ്ടി നാട്ടിൻപുറത്തുള്ള മെക്കാനിക്കിനെ വിളിച്ചു കൊണ്ടുവരുന്നു. തന്റെ വർക്ക്ഷോപ്പിലേക്കെത്തുന്ന പണികൾ ചെയ്ത് ജീവിച്ചാൽ മതി എന്ന മട്ടുകാരനായ മെക്കാനിക്ക് സൗമ്യമായ നിർബന്ധങ്ങൾക്ക് വഴങ്ങിയാണ് ടൂൾസുമായി അയാൾ കൊണ്ടുവന്ന ബൈക്കിനു പുറകിൽ കയറി യാത്രയായത്. അവിടെയെത്തിയപ്പോഴാണ് മെക്കാനിക്കിന് മനസ്സിലാകുന്നത് വണ്ടി നിറയെ എവിടേയ്ക്കോ കൊണ്ടുപോകുന്ന മാരകായുധങ്ങളാണെന്ന്. വ്യാജമായ നമ്പർ പ്ലേറ്റാണ് വണ്ടിയുടേത്. വണ്ടിക്ക് കാര്യമായ കുഴപ്പങ്ങളൊന്നുമില്ല. ഡീസൽ പൈപ്പ് മാറ്റിയിടുകയേ വേണ്ടൂ. ഇത്തരം ഒരു വണ്ടി ശരിയാക്കിത്തരാനാകില്ലെന്നു പറഞ്ഞ അയാളെ വണ്ടിയുടെ ഡ്രൈവർ ക്രൂരമായി മർദ്ദിക്കുന്നു. അയാളെ വർക്ക് ഷോപ്പിൽ നിന്നും കയറ്റിക്കൊണ്ടുവന്നയാൾ അപ്പോഴും വളരെ സൗമ്യമായിത്തന്നെയാണ് അയാളോട് സംസാരിക്കുന്നത്. “


അയാൾ വലിയ പ്രത്യയശാസ്ത്രക്കാരനോ
ദാർശനികനോ പ്രതിബദ്ധതയെപ്പറ്റി ബോധ്യമുള്ളവനോ
ഒന്നുമല്ല. പക്ഷേ ഈ ആയുധങ്ങൾ
ആരുടെയോ ദേഹത്ത് പതിക്കാനുള്ളതാണെന്ന്
അയാൾക്ക് പൂർണ്ണബോധ്യമുണ്ട്. ഒരു മനുഷ്യൻ
എന്ന നിലയിലാണ് അയാൾ അതിന് തയ്യാറാകാത്തത്.

ഈ ബൈക്ക് നിങ്ങൾക്ക് എവിടെനിന്നു കിട്ടി? അയാളെ നിങ്ങൾ കൊന്നോ?” എന്ന ചോദ്യത്തിന് അയാൾക്ക് സൗമ്യഭാഷയിൽ തന്നെ മറുപടി കിട്ടുന്നു. ‘ഇല്ല, ഒന്നും ചെയ്തിട്ടില്ല. ഒന്നു മാറ്റി നിർത്തിയിട്ടേയുള്ളു’. മർദ്ദിച്ച് അവശനാക്കി വായിൽ തുണിതിരുകി കൈകൾ പിന്നിലേക്ക് കൂട്ടികെട്ടി ഒരു മറവിൽ തള്ളിയിട്ടിരിക്കുന്ന ബൈക്കിന്റെ ഉടമസ്ഥനെ കാണിച്ചുകൊടുത്ത് അയാൾ വീണ്ടും പറഞ്ഞു,“കണ്ടോ ഒന്നും ചെയ്തിട്ടില്ല. ഒന്നു മാറ്റി നിർത്തി. അത്രമാത്രം”.

വണ്ടിയിലുള്ള ആയുധങ്ങളെപ്പറ്റി ചോദിച്ചതിന് ഡ്രൈവറിൽ നിന്ന് വീണ്ടും മർദ്ദനമേൽക്കേണ്ടി വന്നു അയാൾക്ക്. അപ്പോഴും മറ്റേയാൾ സൗമ്യഭാവത്തിൽതന്നെയാണ്. “എന്തിനാണ് നിങ്ങൾ ഇങ്ങിനെ അടി കൊള്ളുന്നത്. ആർക്കുവേണ്ടിയാണ് നിങ്ങൾ അടികൊള്ളുന്നത്?” ഭരണം സാധാരണ പൗരന് അനുഭവപ്പെടുന്നതിന്റെ ഒരു ചെറിയ പതിപ്പാണ് ആ ജീപ്പിനടുത്ത് കാണാനാകുന്നത്. ഒരു ഭാഗത്തുനിന്ന് വളരെ സൗമ്യഭാഷയിലുള്ള സമീപനം, മറുഭാഗമോ കൊടിയ മർദ്ദനത്തിന്റേയും. സൗമ്യനും കിങ്കരനും തമ്മിൽ ഒരഭിപ്രായവ്യത്യാസവുമില്ല എന്നു മാത്രമല്ല രണ്ടുപേരുടെയും ആവശ്യം ഒന്നാണുതാനും. ഇവിടത്തെ അധികാരി വർഗ്ഗത്തെയും അവരുടെ പോലീസിനേയും ഓർമ്മിപ്പിക്കാൻ പര്യാപ്തമാണ് ജീപ്പിനടുത്ത് നടക്കുന്ന കാര്യങ്ങൾ.

മെക്കാനിക് പക്ഷേ തന്റെ നിലപാടിൽ നിന്ന് മാറുന്നില്ല. ‘ഞാൻ ശരിയാക്കിയിട്ട് നിങ്ങൾ ഈ വണ്ടിയിൽ പോവില്ല’ എന്നു തന്നെ പറയുന്നു അയാൾ. അയാൾ വലിയ പ്രത്യയശാസ്ത്രക്കാരനോ ദാർശനികനോ പ്രതിബദ്ധതയെപ്പറ്റി ബോധ്യമുള്ളവനോ ഒന്നുമല്ല. പക്ഷേ ഈ ആയുധങ്ങൾ ആരുടെയോ ദേഹത്ത് പതിക്കാനുള്ളതാണെന്ന് അയാൾക്ക് പൂർണ്ണബോധ്യമുണ്ട്. ഒരു മനുഷ്യൻ എന്ന നിലയിലാണ് അയാൾ അതിന് തയ്യാറാകാത്തത്. തനിക്ക് വേണ്ടിയല്ല, മറ്റാർക്കോ വേണ്ടിയാണ് താൻ അടികൊള്ളുന്നത് എന്ന് അയാൾ അബോധത്തിൽ അറിയുന്നുണ്ട്. ആ അറിവാണ്, അതിന്റെ ഫലപ്രാപ്തിയിലുള്ള സംതൃപ്തിയാണ് വീണ്ടും വീണ്ടും ഏൽക്കുന്ന മർദ്ദനം സഹിക്കാൻ അയാളെ പ്രാപ്തനാക്കുന്നത്.

ഇത്തരം സന്ദർഭങ്ങളിൽ നമ്മുടെ സാമ്പ്രദായിക രാഷ്ട്രീയക്കാർ എങ്ങിനെയാണ് പെരുമാറുന്നതെന്ന് സംവിധായകൻ ചിത്രീകരിക്കുന്നുണ്ട്. അകലെ നിന്നും ഒരു വണ്ടിവരുന്നതിന്റെ ശബ്ദം കേട്ട് ആരോ വരുന്നുണ്ടെന്ന് മനസ്സിലാക്കിയ ജീപ്പിലുള്ളവർ മെക്കാനിക്കിനേയും വായിൽ തുണി തിരുകി കൈകൾ ബന്ധിച്ച് ബൈക്കുകാരന്റെയൊപ്പം ഒളിപ്പിക്കുന്നു. അപ്പോഴേക്കും പുറകിലൊരാളുമായി ഒരു ബൈക്ക് ജീപ്പിനരികിലെത്തുന്നു. അവർ അതുവഴി കടന്നു പോകുന്നവരാണ്. അവരുടെ ചേഷ്ടകൾ കണ്ടാൽ രാഷ്ട്രീയക്കാരോ സമുദായ പ്രവർത്തകരോ ആണെന്ന് വ്യക്തമാണ്. പുറകിലിരിക്കുന്നയാൾ മൊബൈലിൽ സംസാരിച്ചുകൊണ്ടേയിരിക്കുകയാണ്. അതിനിടയിൽ അവരോടും കുശലം ചോദിക്കുന്നു. എന്ത് സഹായമാണ് വേണ്ടതെന്ന് അന്വേഷിക്കുന്നു. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വിളിക്കാൻ പറഞ്ഞ് ഫോൺ നമ്പർ കൂടി കൊടുത്തിട്ടേ അവർ പോകുന്നുള്ളൂ. ആ ജീപ്പിൽ എന്താണെന്നോ എന്താണ് അവിടെ നടന്നിട്ടുള്ളത് എന്നോ എന്തെല്ലാം ഭവിഷ്യത്തുകളാണ് സംഭവിക്കാൻ പോകുന്നതെ



ന്നോ ഉള്ള ഒരു തരത്തിലുള്ള വേവലാതിയും അവർക്കില്ല. ചെവിയിൽ മൊബൈലും തിരുകി ആകാശത്തേക്കു നോക്കി സംസാരിച്ചുകൊണ്ട് കാണുന്നവർക്കൊക്കെ സഹായ വാഗ്ദാനങ്ങൾ വർഷിച്ച് സഞ്ചരിച്ചുകൊണ്ടേയിരിക്കുകയാണ് അവർ. തങ്ങൾ ആരെയാണ് സഹായിക്കുന്നതെന്നോ എന്താണ് അതിന്റെ അനന്തരഫലമെന്നോ യഥാർത്ഥത്തിൽ തങ്ങൾ ആരുടെ കൂടെ നിൽക്കേണ്ടവരാണെന്നോ ഒരു തിട്ടവുമില്ല അവർക്ക്. എല്ലാം തങ്ങളുടെ നിയന്ത്രണത്തിലാണെന്ന ധാരണയിൽ വിടുവായത്തവുമായി കഴിഞ്ഞുകൂടുന്ന ഇസ്തിരിയിട്ട രാഷ്ട്രീയ പ്രവർത്തനത്തെ കണക്കിന് പരിഹസിക്കുന്നുണ്ട് സിനിമ. രണ്ട് മനുഷ്യരെ മർദ്ദിച്ച് അവശരാക്കി വായിൽ തുണിതിരുകി ബന്ധനത്തിൽ ആക്കിയിട്ടിരിക്കുന്നതോ, വ്യാജ നമ്പർ പ്ലേറ്റുമായി നിൽക്കുന്ന വണ്ടിയോ അതുനുള്ളിലെ ആയുധശേഖരത്തെയോ ഒന്നും കാണാതെ അവർക്കുവേണ്ടി എന്തുചെയ്യാനും തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് ഇളിഭ്യച്ചിരിയുമായി അവിടം വിട്ടുപോകുന്ന ആ രണ്ട് രാഷ്ട്രീയ പ്രവർത്തകർ, നിലവിൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ഉപരിതലത്തെ മാത്രം അഭിസംബോധന ചെയ്യുന്ന രാഷ്ട്രീയ പ്രവർത്തനത്തിന്റെ പ്രതിനിധികളാണ്.

മെക്കാനിക് തങ്ങൾക്ക് വഴങ്ങുന്നവനല്ലെന്ന് ഉറപ്പായതോടെ ഇനിയും അവിടെ നിൽക്കുന്നത് പന്തിയല്ലെന്ന് മനസ്സിലാക്കി ജീപ്പ് ഉപേക്ഷിച്ച് ബൈക്കുമായി രക്ഷപ്പെടുന്നു ജീപ്പിലുണ്ടായിരുന്ന രണ്ടു പേരും. ജീപ്പിന്റെ നാലു ടയറിലെയും കാറ്റഴിച്ചു കളഞ്ഞിട്ടാണ് മെക്കാനിക് അവിടം വിടുന്നത്. മാത്രവുമല്ല, പണി പഠിക്കാൻ തന്റെയടുത്തു വന്നിട്ടുള്ള കൗമാരപ്രായത്തിലുള്ള ശിഷ്യനെ കൊണ്ടും അയാൾ അത് ചെയ്യിക്കുന്നുണ്ട്. കേടുപാടുകൾ പരിഹരിച്ച് വാഹനങ്ങളെ സഞ്ചാരയോഗ്യമാക്കുക മാത്രമല്ല, ചില വണ്ടികളുടെ കാറ്റഴിച്ചു കളഞ്ഞ് അവയെ നിശ്ചലമാക്കുന്ന വിദ്യ ചിലപ്പോൾ വേണ്ടിവരുമെന്ന് പുതുതലമുറയെകൂടി പഠിപ്പിക്കുന്നു അയാൾ. പുതിയ കാലത്തിന്റെ മെക്കാനിസം ചിലപ്പോൾ കാറ്റ് അഴിച്ചു കളയുന്നതുകൂടിയാവാം. പോലീസിൽ പരാതിപ്പെടുന്നതിനെക്കുറിച്ച് നിഷേധഭാവത്തിലാണ് അയാൾ പ്രതികരിക്കുന്നത്. കൺമുൻപിൽ കാണുന്ന ക്രൈമുകളെ വഴിയിൽ തടയാൻ സാധിക്കുന്നത് ഇവിടെ ജീവിക്കുന്ന ഓരോരുത്തർക്കുമാണെന്നും പോലീസിനെ ഏൽപ്പിക്കുന്നതോടെ അത് വെറുമൊരു ഫയൽ നമ്പർ ആയി ഏതെങ്കിലും അല

മാരയിൽ പൊടിപിടിച്ചു കിടക്കുക മാത്രമായിരിക്കുമെന്നും അയാൾക്ക് ബോധ്യമുണ്ട്. ഒരു വലിയ കുറ്റകൃത്യത്തിനുള്ള സന്നാഹങ്ങളുടെ കാറ്റഴിച്ചുവിട്ടുകൊണ്ട്, മറ്റാർക്കോ വേണ്ടി തന്റെ കുറച്ചു നിമിഷങ്ങൾ മാറ്റിവെച്ചു എന്ന സംതൃപ്തിയോടെ നിസ്വനായ ആ മനുഷ്യൻ തന്റെ സൈക്കിളിൽ കയറി മറയുന്നു.

തുടർന്ന് നിസ്വനായ മറ്റൊരാൾ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നു. തോട്ടത്തിൽ പണിയെടുക്കുന്ന അയാൾ ഒറ്റപ്പെട്ടുകിടക്കുന്ന ജീപ്പ് കണ്ട് അവിടേയ്ക്ക് എത്തിപ്പെടുകയാണ്. ജീപ്പിനുള്ളിൽ നിറയെ ആയുധങ്ങളും അതു മറയ്ക്കുന്നതിനു വേണ്ടി ആയുധങ്ങൾക്കു മുകളിൽ നിരത്തിവെച്ചിട്ടുള്ള പച്ചക്കറിപ്പെട്ടികളും അയാൾ കാണുന്നു. അതിൽ നിന്ന് തനിക്ക് ഒരു നേരത്തെ കറിക്ക് ആവശ്യമുള്ള ഏതാനും തക്കാളികളും പണിയാവശ്യത്തിന് ഒരു ആയുധവും മാത്രം എടുത്ത് അയാൾ നടന്നു മറയുന്നു. നിസ്വരായ ഏതാനും മനുഷ്യരുടെ ഇടപെടലിനെ തുടർന്ന്, നാലു ടയറിലേയും കാറ്റു നഷ്ടപ്പെട്ട് സഞ്ചരിക്കാനാകാതെ ഭൂമിയിൽ അമർന്ന് നിൽക്കുന്ന നിസ്സഹായാവസ്ഥയിലുള്ള ആയുധകടത്ത് വാഹനത്തിന്റെ  വിദൂരദൃശ്യം കാണിച്ചുതന്നുകൊണ്ട് സിനിമ അവസാനിക്കുന്നു. സിനിമ തീരുമ്പോൾ ഒരു സിനിമ പര്യവസാനിച്ചു എന്നല്ല, ഒരു രാഷ്ട്രീയ ദൗത്യം ശരിയായി പര്യവസാനിച്ചു എന്നാണ് തോന്നുക.

കൃത്യമായ രാഷ്ട്രീയ നിലപാട് വ്യക്തമാക്കുന്നത് ഈ സിനിമയുടെ പ്രമേയത്തിൽ മാത്രമല്ല എന്നത് ശ്രദ്ധേയമാണ്. ഒരു പക്ഷേ പ്രമേയത്തേക്കാൾ ഔന്നത്യമുണ്ട് സിനിമക്കുവേണ്ട മൂലധനം സമാഹരിച്ചതിലും, ജനങ്ങളുടെ മുന്നിൽ സിനിമ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതിലും ഇതിന്റെ പിന്നിലുള്ളവർ സ്വീകരിച്ചിട്ടുള്ള ബദൽ നിലപാടുകൾക്ക് . ഇതിന്റെ നിർമ്മാണത്തിന് വേണ്ടിവന്ന മുഴുവൻ പണവും ജനങ്ങളിൽ നിന്നും സമാഹരിച്ചതാണ്. ചെറിയ ചെറിയ ഗ്രൂപ്പുകളും വായനശാലകളും ഫിലിം സൊസൈറ്റികളും വഴിയാണ് ഈ സിനിമ ജനങ്ങളുടെ മുന്നിൽ പ്രദർശിപ്പിച്ചുവരുന്നത്. അതിലൂടെ കിട്ടുന്ന പണമാണ് അവരുടെ  അടുത്ത സിനിമക്കുള്ള മൂലധനം. "സിനിമ ഉണ്ടാക്കി ഡി.വി.ഡി യിലൂടെ വായനശാലകളിലും സ്കൂളുകളിലും കാണിച്ച് മുന്നോട്ടുപോകുക എന്ന രീതിയാണ് ഞങ്ങൾ തുടരുന്നത്. ഞങ്ങളുടെ സിനിമ തിയ്യേറ്ററുകൾ എടുക്കുന്നില്ല എന്ന പരാതിയോ അല്ലെങ്കിൽ എടുക്കണം എന്ന ആവശ്യമോ ഞങ്ങൾ ഉന്നയിക്കുന്നില്ല." ഇത് സംവി


സുദേവൻ

ധായകൻ സുദേവൻ പറഞ്ഞതാണ്. ഇത്രയും ധീരമായ ഒരു വാചകം പറയാൻ എത്ര സംവിധായകർ തയ്യാറാകും എന്ന് ആലോചിക്കുമ്പോഴാണ് സുദേവന്റെ പ്രസക്തി ബോധ്യമാവുക.

സാമ്പ്രദായികരീതിയിലാണ് ഈ സിനിമ എടുത്തിരുന്നതെങ്കിൽ അതിന്റെ ഗണപതി പൂജക്കുതന്നെ എത്ര ലക്ഷങ്ങൾ വേണം എന്നു മനസ്സിലാക്കിയാലെ സുദേവന്റെ ഈ വാക്കുകളുടെ അർത്ഥം പിടികിട്ടുകയുള്ളു. സിനിമയിൽ അഭിനയിക്കുന്ന ഒരാൾ ഒരു ലക്ഷം രൂപയാണത്രേ അംഗത്വത്തിനു വേണ്ടി താരസംഘടനയായ 'അമ്മ'ക്ക് കൊടുക്കേണ്ടത്. അംഗങ്ങളെകൊണ്ട് മാപ്പ് പറയിപ്പിക്കലും മൂക്കുകൊണ്ട് ഞ ഞ്ഞ ക്ഷ വരപ്പിക്കലുമൊക്കെയാണ് അതിനകത്തെ പരിപാടികൾ. നടൻ തിലകനെ പുറത്താക്കിയതും അദ്ദേഹം അഭിനയിക്കുന്ന സിനിമകൾക്ക് വിലക്ക് ഏർപ്പെടുത്തിയതും അവസാനകാലത്ത് നാടകത്തിലേക്ക് മടങ്ങി പോകേണ്ടിവന്നതും മലയാളിക്ക് മറക്കാറായിട്ടില്ല. 'ഞാൻ ഇപ്പോൾ അമ്മയുടെ നായരാണ്' എന്നാണ് 'അമ്മ'യുടെ പ്രസിഡണ്ടുപദത്തെ നടൻ ഇന്നസെന്റ് വിശേഷിപ്പിക്കുന്നത്. 'അമ്മ'യെ എങ്ങിനെയെങ്കിലും മറികടക്കാനായാൽ വിലക്കും വടിതല്ലുമായി സാങ്കേതിക വിദഗ്ധരുടെ സംഘടന 'മാക്ട' അപ്പുറത്ത് നില്പുണ്ട്. ഇതിലൂടെയെല്ലാം കടന്നുപോയി സിനിമയെടുത്തെന്ന് കരുതുക. അതു പ്രദർശിപ്പിക്കണമെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള കൈരളിയോ ശ്രീയോ പോലുള്ള തിയ്യറ്ററുകൾ ലഭിക്കാൻ നിങ്ങൾക്ക് ഇടവേള ബാബുവിനെപ്പോലുള്ളവരെ മുഖം കാണിക്കണം. ലോക

സിനിമാ ഭൂപടത്തിൽ മലയാള സിനിമക്ക് ഇടം നേടികൊടുത്തിട്ടുള്ള ആ മഹാപ്രതിഭക്ക് ഇത്തരം ദരിദ്രവാസി സിനിമകളോട് പുച്ഛമാണ്. അരക്കെട്ടിളക്കിയും തുപ്പാക്കി പ്രയോഗിച്ചും വരുന്ന തമിഴ് സിനിമകളോടാണ് അദ്ദേഹത്തിന് പ്രതിപത്തി.

ലോകം മുഴുവൻ ആയുധപ്പുരകളായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് ലോകത്തെവിടെയുമുള്ള പ്രേക്ഷകർക്കുമുന്നിലും പ്രദർശിപ്പിക്കാൻ പാകതയുള്ള സിനിമയാണ് 'ക്രൈം നമ്പർ 89'. ഇടതുപക്ഷ വിചക്ഷണന്മാർ വാണരുളിയിട്ടും ഇന്ത്യൻ പനോരമയിലേക്ക് ഈ സിനിമ സെലക്ട് ചെയ്യപ്പെട്ടില്ല. പ്രേക്ഷകനെ ഉണർത്തുന്ന ഈ സിനിമയല്ല, കാണുന്നവരെ മന്ദീഭവിപ്പിക്കുന്ന 'കുഞ്ഞനന്തന്റെ കട' പോലുള്ള സിനിമകളാണ് ഇന്ത്യൻ പനോരമയിൽ കയറിപ്പറ്റിയത്. മലയാളത്തിലുണ്ടായ ഈ സാംസ്ക്കാരിക മാലിന്യം തെരഞ്ഞെടുക്കപ്പെട്ടതിനു പിന്നിൽ റസൂൽ പൂക്കുട്ടി, മധു അമ്പാട്ട് എന്നീ കിടയറ്റ സാങ്കേതിക വിദഗ്ധരും സൂപ്പർസ്റ്റാറിന്റെ അഭിനയ ചാതുര്യവും ഒക്കെ ചേർന്നുണ്ടായ ദൃശ്യസമ്പന്നത മാത്രമല്ല ഉള്ളത്. മൂലധനവക്താക്കൾ നടപ്പാക്കികൊണ്ടിരിക്കുന്ന സൂപ്പർ ഹൈവേ സൂപ്പർ മാർക്കറ്റ് സംസ്ക്കാരം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അതിനു മുന്നിൽ വിലങ്ങുതടിയാവുന്ന നിങ്ങളുടെ നിസ്വജീവിതങ്ങൾ ചവിട്ടിയരക്കപെടേണ്ടതുതന്നെയാണെന്നും ഒരു സംശയത്തിനും ഇട കൊടുക്കാത്ത വിധം സ്ഥാപിച്ചെടുക്കുന്ന സിനിമയാണ് 'കുഞ്ഞനന്തന്റെ കട'. മനുഷ്യർ തമ്മിലുണ്ടാകുന്ന സ്നേഹ ബന്ധങ്ങൾ അല്ല, നൂറ്റാണ്ടുകൾക്ക് മുൻപ് എഴുതിവെക്കപ്പെട്ട മതശാസനകൾ കടുകിട തെറ്റാതെ പാലിച്ച് ജീവിക്കുന്നതാണ് ഉത്കൃഷ്ടമെന്ന് ഉദ്ഘോഷിക്കുന്ന 'ആദാമിന്റെ മകൻ അബു' എന്ന സിനിമയുടെ സംവിധായകൻ തന്നെയാണ് കുഞ്ഞനന്തന്റെ കുന്തവും എടുത്തിട്ടുള്ളത്. ഒരേ വർഷം ഇറങ്ങിയ 'ക്രൈം നമ്പർ 89' ആണോ 'കുഞ്ഞനന്തന്റെ കട'യാണോ ഇന്ത്യൻ പനോരമയിലേക്ക് എത്തേണ്ടത് എന്ന കാര്യത്തിൽ അതിന്റെ സെലക്ഷൻ കമ്മിറ്റി എടുത്ത തീരുമാനത്തിൽ വലിയ ദുരൂഹതയൊന്നുമുണ്ടെന്നു തോന്നുന്നില്ല.

മുടങ്ങികിടക്കുന്ന ഉത്സവം നടത്തുന്നതാണ് നാടിന്റെ ഏറ്റവും കാതലായ പ്രശ്നം എന്നു വിളിച്ചുകൂവി കിണ്ടിയും തിരുവാഭരണവും തമ്പുരാട്ടി കുട്ടിയുമായി നടക്കുന്നവരും എതിരാളിയുടെ പിതാവിന്റെ ചിതാഭസ്മത്തോടു പോലും രാജിയാകാതെ മീശപിരിക്കുന്ന നായകരും, ലിംഗത്തിന്റെ പര്യായപദങ്ങൾ മാത്രം ഉരുവിട്ട്, വേണ്ടി വന്നാൽ ലിംഗം തന്നെ ഛേദിച്ചു കളയുകയും ചെയ്യുന്ന ന്യൂ ജനറേഷൻകാരും അരങ്ങ് തകർക്കുന്ന മേഖലയിലേക്കാണ് 'ക്രൈം നമ്പർ 89' പോലുള്ള ജനങ്ങളുടെ ഇച്ഛകൾ പകർത്തുന്ന സിനിമകൾ എത്തുന്നത്. നിർമ്മാണത്തിന് ബദൽ വഴി തേടുന്നതിലൂടെ രാഷ്ട്രീയോന്മുഖമായ പ്രമേയങ്ങൾ സ്വീകരിക്കുന്നതിലൂടെ, സമാന്തരപ്രദർശനങ്ങളിലൂടെ ഈ സിനിമ, ഒരു അമ്മയുടെ നായരുമായും ബാന്ധവത്തിന് തയ്യാറല്ലെന്ന് പറഞ്ഞ് കിണ്ടി കമഴ്ത്തി വെക്കുകയാണ്.

ഈ ധീരമായ നിലപാടിനെ രണ്ടുകൈയും നീട്ടി സ്വീകരിക്കുക.

**വാൽക്കഷ്ണം:**

സുദേവന്റെ ഗ്രാമമായ പാലക്കാട് ജില്ലയിലെ പെരിങ്ങോടിന്റെ പരിസരത്ത് തന്നെയാണ് തെന്നിന്ത്യൻ സിനിമയിലെ താരരാജാക്കന്മാർ സുഖ ചികിത്സയ്ക്ക് വരുന്ന പൂമുള്ളി ആറാംതമ്പുരാൻ സ്മരാക ട്രസ്റ്റിന്റെ 'ഗുരുകൃപ' എന്ന ചികിത്സാലയം. രജനീകാന്ത് ഈയിടെ ചികിത്സ കഴിഞ്ഞ് ഇറങ്ങിയതേയുള്ളൂ. മലയാള സിനിമയുടെ സൂപ്പർസ്റ്റാർ തന്റെ മേനി മിനുക്കാൻ വേണ്ടി അവിടെയെത്തിയത് നമ്മുടെ മാധ്യമങ്ങൾ ആഘോഷപൂർവ്വം കൊണ്ടാടിയിരുന്നു. അദ്ദേഹത്തെ എണ്ണപ്പാത്തിയിൽ കിടത്തി കുഴമ്പ് തേച്ചുപിടിപ്പിച്ചും മേലാസകലം ഉഴിഞ്ഞും പിഴിഞ്ഞും പരിചരിച്ചപ്പോൾ നിറയൗവനത്തിലേക്ക് തന്നെ വന്നുവത്രെ. ദിവസങ്ങൾ ചിലവഴിച്ച് തന്റെ ശരീരത്തെ കലയ്ക്കുവേണ്ടി ഒരുക്കിയെടുക്കുന്നതിലെ സമർപ്പണ ബുദ്ധിയും ഇൻഡസ്ട്രിയോടുള്ള കൂറും പൂർണ്ണതയ്ക്കുവേണ്ടിയുള്ള ദാഹവും അറിഞ്ഞ് വായനക്കാർ അന്തം വിട്ടുപോയിട്ടുണ്ടാകും. ഒരു സൂപ്പർസ്റ്റാറിന്റെ ജീവിതം സാധാരണ മനുഷ്യന് ചിന്തിക്കാനാവില്ല. 'പരോപകാരാർത്ഥമിദം ശരീരം' എന്ന മന്ത്രം ഉരുവിട്ടുകൊണ്ട് ത്യാഗസന്നദ്ധമായ മനസ്സുമായി കഴിയുന്ന താപസതുല്യമായ ജീവിതം നയിക്കുന്ന പ്രതിഭാശാലികളാണ് സൂപ്പർസ്റ്റാറുകൾ എന്നാണ് പത്രങ്ങൾ നമ്മളെ പഠിപ്പിക്കുന്നത്. വായനക്കാർ ശരിക്കും അന്ധാളിക്കുക അദ്ദേഹം ഈ പട്ടുപോലെയാക്കിയ മേനിയുമായി ഏത് മഹദ് സംരംഭത്തിനാണ് പോകുന്നത് എന്നറിയുമ്പോഴാണ്. അതും പത്രം തന്നെ പറഞ്ഞുതരും: "അദ്ദേഹം ചികിത്സാലയത്തിൽ നിന്ന് നേരെ പോകുന്നത് 'പെരുച്ചാഴി'യുടെ സെറ്റിലേക്കാണ്. അതുകഴിഞ്ഞാൽ 'കൂതറ'യുടെ സെറ്റിലേക്ക് യാത്രയാകും."■